**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1834** **08-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; | (എ) | കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിൽ പയ്യന്നൂർ യൂണിറ്റിൽ നിന്നും രണ്ട് ബസ് സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ നിർത്തിവച്ച ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ സർക്കാർ ജീവനക്കാരുടെയും വിദ്യാർത്ഥികളുടേയും സൗകര്യത്തിനായി രാവിലേയും വൈകുന്നേരവും പയ്യന്നൂർ ഡിപ്പോയിൽ നിന്നും കണ്ണൂരിലേയ്ക്ക് പഴങ്ങാടി വഴി രണ്ട് ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞാൽ ആവശ്യമായ ട്രിപ്പുകൾ നഷ്ടം കുറച്ച് തുടങ്ങുവാൻ കഴിയും. |
| (സി) | രാത്രികാലങ്ങളിൽ എത്തിച്ചേരുന്ന ജനശതാബ്ദി, എക്സിക്യൂട്ടീവ് ട്രെയിനുകളിലെ യാത്രക്കാരുടെ സൗകര്യാർത്ഥം ആരംഭിച്ച കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ-കാഞ്ഞങ്ങാട് ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ടി സർവ്വീസ് വരുമാനക്കുറവ് മൂലം കനത്ത നഷ്ടത്തിൽ ആയതിനാൽ സർവ്വീസ് നിർത്തി വയ്ക്കുകയും പകരം യാത്രക്കാരെ കാഞ്ഞങ്ങാട് വരെ എത്തിക്കുന്നതിന് തളിപറമ്പ് വഴി ബദൽ സർവ്വീസ് ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കണ്ണൂർ - കാഞ്ഞങ്ങാട് റൂട്ടിൽ ആവശ്യാനുസരണം സർവ്വീസുകളുള്ളതിനാൽ യാത്രക്കാർക്ക് കണക്റ്റിവിറ്റി ഉപയോഗിക്കാവുന്നതാണ്. നിന്നുപോയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | രാവിലെ കണ്ണൂരിൽ നിന്നും പുറപ്പെടുന്ന ജനശതാബ്ദി, എക്സിക്യൂട്ടീവ് ട്രെയിനുകളിലെ യാത്രക്കാർക്ക് കണ്ണൂർ റെയിൽവെ സ്റ്റേഷനിൽ എത്തുന്നതിനായി കാഞ്ഞങ്ങാട്-പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | രാവിലെ കണ്ണൂരിൽ നിന്നും പുറപ്പെടുന്ന ജനശതാബ്ദി, എക്സിക്യൂട്ടീവ് ട്രെയിനുകളിലെ യാത്രക്കാർക്ക് കണ്ണൂർ റെയിൽവെ സ്റ്റേഷനിൽ എത്തുന്നതിനായി കാഞ്ഞങ്ങാട്-പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ സർവ്വീസ് ആരംഭിച്ചിരുന്നു. എന്നാൽ കോവിഡാനന്തരം പ്രസ്തുത സർവ്വീസ് |

| | | | |
|---|---|---|---|
| | | | നിന്നുപോവുകയാണുണ്ടായത്. നിന്നുപോയ നഷ്ടത്തിലും ജനോപകാരപ്രദവുമായ സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ